# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : എറണാകുളം
2. സ്കൂൾ കോഡ് : 28514
3. സ്കൂളിന്റെ പേര് : എൽ. പി. എസ് കൈപ്പട്ടൂർ
4. മേൽവിലാസം : കൈപ്പട്ടൂർ പി. ഒ
   എറണാകുളം ജില്ല
5. പിൻകോഡ് : 682313
6. ഫോൺ നമ്പർ : 9747833019
7. ഇ-മെയിൽ അഡ്രസ്സ് : lpskaippattoorr@gmail.com
8. ഗ്രാമ പഞ്ചായത്ത് : എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്
9. വിദ്യാഭ്യാസ ജില്ല : മൂവാറ്റുപുഴ
10. സബ്ജില്ല : പിറവം
11. ക്ലാസുകൾ : 1 മുതൽ 4 വരെ
12. മാനേജ്മെന്റ് : എയ്ഡഡ്
13. പഠനമാധ്യമം : മലയാളം

## ആമുഖം

എറണാകുളം ജില്ലയുടെ തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലാണ് എൽ. പി. എസ് കൈപ്പട്ടൂർ സ്കൂൾ. പാഠ്യ-പാഠ്യേതര രംഗത്ത് ഉപജില്ലാതലത്തിൽ തന്നെ മാതൃകയായി നില കൊള്ളുന്ന സ്കൂളാണിത്. ഉപജില്ലയിൽ LSS വിജയികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനം കൈവരിച്ചിട്ടുണ്ട്. റവന്യൂ ജില്ലാ തലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും സ്കൂളിനെ തേടി വിവിധ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികൾക്കായി യോഗ പരിശീലനം നൽകി കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഇടയാക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിങ്ങ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. വിവിധതരം കൃഷി, ജൈവ വൈവിധ്യ ഉദ്യാനം എന്നിവ സ്കൂളിനുണ്ട്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള

പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ എന്നിവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ ക്യാമ്പസ്, ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന ആശയത്തിലാണ് സ്കൂൾ പഠനത്തെ നോക്കികാണുന്നത്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നില നിർത്തിക്കൊണ്ട് മുന്നോറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

## അക്കാദമികം – പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ സഹകരണത്തോടെയും ചില ക്ലാസ്മുറികൾ ഹൈടെക് ആക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗണിതലാബ്, ശാസ്ത്ര ലാബ്, ലൈബ്രറി എന്നിവ പ്രത്യേകമായില്ല. ഇവ കൂടി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.

## ഭൗതികം – നേട്ടങ്ങൾ

രണ്ട് എല്ലാ സൗകര്യങ്ങളുമുള്ള ക്ലാസ് മുറികളും ഓഫീസും ഉണ്ട്.

## ഭൗതികം – പരിമിതികൾ

നിലവിലുള്ള രണ്ട് ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേക്കുയരണം. ടൈൽസ് പാകിയ ക്ലാസ് മുറികളൊരുക്കുകയും നിലവാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.

ലൈബ്രറിയിൽ രണ്ടായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. റീഡിംഗ് റൂം സൗകര്യം ഒരുക്കേണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആവശ്യമാണ്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക

സൗകര്യത്തോടു കൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ പ്രത്യേകം റൂം സൗകര്യപ്പെടുത്തണം.

കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ വേണം. കായികപഠനം കാര്യക്ഷമമാക്കുന്നതിന് ഇവ അത്യാവശ്യമാണ്.

സാമൂഹികം – നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സാമൂഹ്യ ശുചിത്വം, വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ, പ്ലാസ്റ്റിക്കിനെതിരെ നടത്തുന്ന ക്യാമ്പെയിനുകൾ തുടങ്ങിയവ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തെ ചില പ്രവർത്തനങ്ങളെങ്കിലും ഒഴിവാക്കാനുള്ള പരിമിതി ഉണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പരിപാടികൾ
6. ശാസ്ത്രം, ഗണിത ലാബുകൾ
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
10. LSS സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാ പരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. ഔഷധസസ്യ ഉദ്യാനം.
20. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
21. കായികശേഷി വികസനം
22. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

23. പഠനോപകരണ ശിൽപ്പശാല

24. ICT ഉപയോഗം കാര്യക്ഷമമാക്കൽ

25. ജന്മദിന പുസ്തകം

26. ചിത്രരചനാ ക്യാമ്പ്

27. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ

28. ക്ലാസ് PTA കാര്യക്ഷമമാക്കൽ

29. Corner PTA സംഘടിപ്പിക്കൽ

## പ്രവർത്തനം – വിശദാംശങ്ങൾ

### ഉപമേഖല – ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനം-1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ക്ലാസ് നിലവാരത്തിനനുസരിച്ച് എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസും | ബന്ധപ്പെട്ട ടീച്ചർ | |
| | 2) ഇംഗ്ലീഷ് Clubന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ. | ഒരു വർഷത്തേക്ക് | ബന്ധപ്പെട്ട ടീച്ചർ ഇൻ-ചാർജ്ജ്. | |
| | 3) Pronunciation Practice | | | |
| | 4) ആഴ്ചയിൽ ഒരിക്കൽ ഓരോ ക്ലാസിനും മാറി മാറി ഇംഗ്ലീഷ് അസംബ്ലി ചുമതല. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | 5) ഇംഗ്ലീഷിൽ ഡയറി എഴുത്ത് | ദിവസവും | അധ്യാപകർ | |

ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനം : 2 - ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം. | 1) ഇംഗ്ലീഷ് കഥ, കവിത - രചനാ മത്സരങ്ങൾ. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3-മാസത്തിൽ ഒരിക്കൽ | അധ്യാപകർ | |
| | 2) റീഡേഴ്സ് തിയേറ്റർ, Roleplay വിവരണം | | | |
| | 3) പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കി മാറ്റി അവതരണം - Skit, നാടകം, സംഭാഷണം etc.. | മാസത്തിൽ ഒന്ന് | അധ്യാപകർ | |
| | 4. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | | | |
| * വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ. | • ആശയവിനിമയത്തിന് പ്രാധാന്യം നൽകിയുള്ള ക്ലാസുകൾ. | ആഴ്ചയിൽ 2 ദിവസം | അധ്യാപകർ | |
| * വായന പരിപോഷിപ്പിക്കൽ. | • ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാക്കുറിപ്പ് തയ്യാറാക്കൽ. | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |
| * കുട്ടികളുടെ രചന സമൂഹത്തിലേക്ക് | • കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതി-മാസം | അധ്യാപകർ | |

## ഉപമേഖല - മലയാളം

### പ്രവർത്തനം - 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | * അക്ഷരം ഉറപ്പിക്കൽ.<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദ നിർമ്മാണം<br>* വാക്യ നിർമ്മാണം<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | ഒരു വർഷക്കാലം | ടീച്ചർ | |
| 2) എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക. | * വായനാക്കൂട്ടം രൂപീകരിക്കൽ<br>* ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>* പുതുവർഷം പുസ്തക വർഷം<br>* ഓരോ ക്ലാസിലേയും വായനാ ലക്ഷ്യം തീരുമാനിക്കൽ.<br>* സ്കൂൾ ലൈബ്രറി നവീകരണം.<br>* റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ.<br>* വായനോത്സവം<br>* ജന്മദിന പുസ്തകം<br>* പത്രവാർത്ത | 6 മാസം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം - 1 വർഷം | | |
| | ഉപമേഖല: ഭാഷാശേഷി വികസനം | | | |
| 1) പത്രവായന പരിപോഷിപ്പിക്കുക. | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം in-charge | |

| | | | | |
|---|---|---|---|---|
| | ഓരോ ക്ലാസിനും ഓരോ പത്രം. രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | | | |
| | പത്രക്വിസ്. | അധ്യാപകർ | PTA | |
| 2) സർഗ്ഗശേഷി വികസനം. | വായനാനുഭവം പങ്കുവെക്കൽ. | | | |
| | സാഹിത്യ ക്വിസ്- രചനാ ശില്പശാല (കവിത, കഥ) | വർഷത്തിൽ ഒരു തവണ. | | |
| | പുസ്തക ചർച്ച പുസ്തകാസ്വാദനം | 6 മാസത്തിൽ ഒരിക്കൽ | | |
| | അമ്മമാർക്കൊരു പുസ്തകം അമ്മ വായന | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ- മാർച്ച് | SRG | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള | | | |

| | | | | |
|---|---|---|---|---|
| | വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ 4 തവണ | അധ്യാപകർ, ഭാരവാഹികൾ. | |

ഉപമേഖല - പഠനയാത്രകൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ 1 തവണ | ടീച്ചേഴ്സ് | PTA |

ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം യോഗ ക്ലാസും 2 ദിവസം സുംബാ ക്ലാസും പരിശീലനം | ആഴ്ചയിൽ ഒന്ന് ആഴ്ചയിൽ രണ്ട് | യോഗാ മാസ്റ്റർ ടീച്ചേഴ്സ് | |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ. | LSS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് LSS ഉറപ്പു വരുത്തൽ. | വർഷത്തിൽ 5 മാസം | എല്ലാ അധ്യാപകരും. | |

## മേഖല - അക്കാദമികം

## ഉപമേഖല - CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തലും. | CPTA യോഗം കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠന തെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം. CPTA യിൽ. | എല്ലാ മാസവും | SRG, ക്ലാസ് ടീച്ചർ | |

## ഉപമേഖല - പ്രാദേശിക PTA (Corner PTA)

| | | | | |
|---|---|---|---|---|
| പ്രാദേശിക PTA രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവയ്ക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പ് വരുത്തലും | ഗൃഹസന്ദർശനം | വർഷത്തിൽ 1 തവണ | | |

# ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | ശാസ്ത്രം പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം. | ആഴ്ചയിൽ 1 തവണ | Science club |
| | * സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ 2 തവണ | Science club |
| | * സർവ്വെ, അഭിമുഖം നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | Science club. |
| 2) ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ 1 മാസം | Science club |
| 3) ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | | SRG Science club |

## ഉപമേഖല – പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | 3 മാസം | science club eco club | |
| 2) സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | eco club | |
| 3) ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവവൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പാക്കൽ. | ആഴ്ചയിൽ ഒന്ന് | | |

## ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകം സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം അവധി കാലത്ത് | PTA അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. • ക്ലാസിലെ പഠനത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ മാസം | ഗണിതാധ്യാപകർ | |

ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം. | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | വർഷത്തിൽ 1 മാസം | SRG | |

ഉപമേഖല - കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് പരിശീലനം നൽകൽ. | ആഴ്ചയിൽ ഒന്ന് | SRG | |

ഉപമേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം [illegible] | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ്മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം. | PTA | 6 മാസം | |

## ഉപമേഖല : കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ നല്ല വ്യക്തിത്വമുള്ളവരാക്കൽ | * ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ. <br> * ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിങ് ഫലപ്രദമാക്കൽ ഇൻഡിവിജ്വൽ കൗൺസിലിങ്. | പഞ്ചായത്ത് കൗൺസിലിങ് സ്റ്റാഫ് | മാസത്തിൽ ഒന്ന്. | |

# ഉപമേഖല – കലാപരിപോഷണം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
| --- | --- | --- | --- | --- |
| * കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | • കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക. <br> • സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാപനം, തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുക. | അധ്യാപകർ | എല്ലാ മാസവും | |

## ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഈ ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. സാധിക്കുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.